Draft #139 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 12-Jan-2026 03:48 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സംഗ്രഹം

ഭരണകാര്യം:- അഡ്വ. ശ്യാം കുമാർ വി. വിവരാവകാശ നിയമപ്രകാരം സർവ്വകലാശാലയിൽ സമർപ്പിച്ച അപേക്ഷ - രേഖകൾ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനും, പകർപ്പുകൾ ഹർജിക്കാരന് ലഭ്യമാക്കുന്നതിനുമായി ഒരു ടീം രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണ വിഭാഗം എ 1 സെക്ഷൻ

നമ്പർ. 339/AD A1/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.01.2026

പരാമർശം:-1. അഡ്വ. ശ്യാം കുമാർ വി. 21.01.2021 തീയതിയിൽ സമർപ്പിച്ച വിവരവകാശ അപേക്ഷ.
2. 04.02.2021 തീയതിയിലെ ACD/03/3929/RTI-1/2021 നമ്പർ മറുപടി കത്ത്.
3. അഡ്വ. ശ്യാം കുമാർ വി. 25.02.2021 തീയതിയിൽ സമർപ്പിച്ച ഒന്നാം അപ്പീൽ പരാതി.
4. ഒന്നാം അപ്പീൽ അധികാരിയുടെ 18.03.2021 തീയതിയിലെ പി.വി.സി/ആർ.ടി.ഐ/അപ്പീൽ - 10/2021 നമ്പർ നടപടിക്രമം
5. സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ 04.12.2025 തീയതിയിലെ ഉത്തരവ് (ഫയൽ നം. 5471/SIC-G6/2021)

ഉത്തരവ്

അഡ്വ. ശ്യാം കുമാർ വി. സർവ്വകലാശാലയിൽ പരാമർശം (1) അപേക്ഷ പ്രകാരം ആവശ്യപ്പെട്ടിരുന്ന ഉത്തരവുകൾ സെക്ഷനിൽ ലഭ്യമല്ലെന്നും, ആയതിനാൽ ടി ഉത്തരവുകൾ നൽകുവാൻ കഴിയില്ലെന്നും പരാമർശം (2) പ്രകാരം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അറിയിച്ചിരുന്നു. പ്രസ്തുത മറുപടി തൃപ്തികരമല്ലാത്തതിനാൽ അഡ്വ. ശ്യാം കുമാർ വി. പരാമർശം (3) പ്രകാരം ഒന്നാം അപ്പീൽ പരാതി സമർ പ്പിച്ചിരുന്നു. അപേക്ഷകന്റെ വിവരാവകാശ അപേക്ഷയ്ക്ക് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി കൃത്യതയുള്ളതാണെന്ന് ഒന്നാം അപ്പീൽ അധികാരി കണ്ടെത്തുകയും, അപേക്ഷകന്റെ അപ്പീൽ പരാതി പരാമർശം (4) പ്രകാരം തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്.

തുടർന്ന്, അഡ്വ. ശ്യാം കുമാർ വി. സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ പരാതി സമർപ്പിച്ചിരുന്നു. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമല്ല എന്ന മറുപടി വിവരാവകാശ നിയമപ്രകാരം അംഗീകരിക്കാവുന്നതല്ലെന്നും ആയതിനാൽ ഒരു ടീം രൂപീകരിച്ച നഷ്ടപെട്ട രേഖകൾ കണ്ടെത്തി സംരക്ഷിക്കുന്നതിനും, പകർപ്പുകൾ ഹർജിക്കാരന് ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഒന്നാം അപ്പീൽ അധികാരിക്കും പബ്ലിക് ഇൻഫോർമേഷൻ ഓഫീസർക്കും നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (5) പ്രകാരം കമ്മീഷണർ ഉത്തരവായിരിക്കുന്നു. ആയത് പരിഗണിച്ച് ഒരു ടീം രൂപികരിച്ചു കൊണ്ട് താഴെ പരാമർശിച്ചിരിക്കുന്ന ക്രമീകരണങ്ങൾ ഉടൻ പ്രാബല്യത്തിൽ ഏർപ്പെടുത്തി രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

1. പ്രസ്തുത ടീമിന്റെ മേൽ നോട്ട ചുമതല ശ്രീമതി സുധ മേനോൻ ജെ. (PEN-1644, UPEN-U13525), അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്), ശ്രീ. പ്രമോദ്കുമാർ കെ.കെ.(PEN-1876, UPEN-U13169), ഡെപ്യൂട്ടി രജിസ്ട്രാർ 2 (അക്കാദമിക്), ശ്രീമതി ഉഷ വി.ഡി.(PEN-1837,UPEN-U13454), ഡെപ്യൂട്ടി രജിസ്ട്രാർ 3 (ഭരണം), ശ്രീ. സജീവ് പി.കെ. (PEN-1776, UPEN-U13352), ജോയിന്റ് രജിസ്ട്രാർ (ഫിനാൻസ്) എന്നിവർക്ക് നൽകുന്നു.

2. ACD സെക്ഷനിലെ താഴെ പരാമർശിച്ചിരിക്കുന്ന ജീവനക്കാരെ പ്രസ്തുത ടീമിലേക്ക് നിയോഗിക്കുന്നു

- ശ്രീ. മനോജ് തോമസ് (PEN-2976, UPEN-U14730), സെക്ഷൻ ഓഫീസർ
- ശ്രീ. ജോസഫ് കെ. ജോസഫ് (PEN-3927, UPEN-U13845), സീനിയർ ഗ്രേഡ് അസിസ്റ്റന്റ്
- ശ്രീമതി രമ്യ കെ.ആർ. (PEN-3491, UPEN-U13540), അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ
- ശ്രീമതി രഞ്ജിത എൻ.പി. (PEN-3465, UPEN-U13614), അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

നഷ്ടപെട്ട രേഖകൾ കണ്ടെത്തി സംരക്ഷിക്കുന്നതിനും, പകർപ്പുകൾ അഡ്വ. ശ്യാം കുമാർ വി - യ്ക്ക് ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ പ്രസ്തുത ടീം സ്വീകരിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ബിനോയ് സെബാസ്റ്റ്യൻ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/ സെക്ഷനുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം/പരീക്ഷാ/അക്കാദമികം)
5. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം.ജി.സർവ്വകലാശാല
6. പി.ആർ.ഒ./ഐ.ടി.സെൽ-1/2/ഐ.ക്യു.എ.സി./ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #139 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 12-Jan-2026 03:48 PM - Page 2